(ബി) പ്രസ്തുത ചട്ടപ്രകാരമാണോ പി.റ്റി.എ. തെരഞ്ഞെടുപ്പ് നടക്കുന്നത് ; ചട്ടത്തിൽ ഇളവ് നൽകാൻ അധികാരമുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ പുല്ലാന്തൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പി.റ്റി.എ. പ്രസിഡന്റ് തെരഞ്ഞെടുപ്പ് ചട്ടപ്രകാരമാണോ നടന്നത് ; ഇത് സംബന്ധിച്ച് സർക്കാരിന് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പരാതി ലഭിച്ചത് ; പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ചട്ടമനുസരിച്ച് ലോക്കൽ ഗാർഡിയന്റെ നിർവ്വചനമെന്താണ് ; ലോക്കൽ ഗാർഡിയന് പി.റ്റി.എ. പ്രസിഡന്റ് ആകാൻ ചട്ടം അനുശാസിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അതെ. ചട്ടത്തിൽ ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

സർവ്വശിക്ഷാ അഭിയാൻ മുഖേനയുള്ള സ്കൂളുകളിലെ വികസന പ്രവർത്തനങ്ങൾ

14 (3735) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാനിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര വീതം സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) എസ്.എസ്.എ. മുഖേന ഓരോ ജില്ലയിലും നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസി മുഖേനയാണ് എസ്.എസ്.എ. നിർവ്വഹിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഓരോ ജില്ലയിലും എസ്.എസ്.എ.-ക്ക് കീഴിൽ നിർമ്മാണ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത ജീവനക്കാരുടെ നിയമനം താൽക്കാലികമാണോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ എന്നുള്ള വിശദാംശങ്ങൾ നൽകുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

ജില്ലകൾ	തുക (ലക്ഷത്തിൽ)
(1)	(2)
തിരുവനന്തപുരം	566.3
കൊല്ലം	201.4
പത്തനംതിട്ട	1634.06
ആലപ്പുഴ	160.08
കോട്ടയം	2595
ഇടുക്കി	760.68
എറണാകുളം	.309.40
തൃശ്ശൂർ	255.35
പാലക്കാട്	115.74
മലപ്പുറം	17889.68
കോഴിക്കോട്	2010-11 (678.9 ലക്ഷം) 2013-14 (296 ലക്ഷം) 2011-12, 2012-13, 2014-15 എന്നീ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എസ്.എസ്.എ. ഫണ്ട് നൽകിയിട്ടില്ല.
വയനാട്	ഇല്ല
കണ്ണൂർ	2335.54
കാസർഗോഡ്	264.39

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ അതാത് സ്കൂളുകളിലെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/പി.ടി.എ./എസ്.എം.സി. എന്നിവ മുഖേന നടത്തുന്നു.

(ഡി) എല്ലാ ജില്ലകയിലും നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ഒരു സിവിൽ എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിലാണ്.

ചേലക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതി

15 (3736) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാനും പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ഡി) മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലേക്കായി 2015-16 അദ്ധ്യയനവർഷം എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുവാൻ ആലോചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) മണ്ഡലത്തിൽ വർഷങ്ങളായി നടത്തിവരുന്ന സമഗ്ര വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളുടെയും ഇപ്പോൾ സർക്കാർ തലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെയും ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly